കാസർഗോഡ്, ഹോസ്ദുർഗ്ഗ് എന്നീ താലൂക്ക് ആഫീസ് കോമ്പൗണ്ടുകളിൽ മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണത്തിന് അനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

സർക്കാർ പരിഗണനയിലില്ല.

കേരള ഹൗസിംഗ്ബോർഡിന്റെ ധനവിനിയോഗം സംബന്ധിച്ച റിപ്പോർട്ട്

40 [5682] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ 1998-99-ലെ ധനവിനിയോഗത്തിൽ മതിയായ രേഖകളില്ല എന്നുള്ള എ. ജി. യുടെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് അന്വേഷണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വിഭവസമാഹരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ

41 [5686] ശ്രീ. ടി. കെ. ദേവകുമാർ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിഭവസമാഹരണത്തിനായി നടപ്പുവർഷം ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാർക്കറ്റ് ബോറോയിംഗ് വഴി നടപ്പ് സാമ്പത്തിക വർഷം എന്തുതുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഹൗസിംഗ് ബോർഡിന്റെ ഓവർഹെഡ് എക്സ്പെൻസുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2003-2004-ലെ ബഡ്ജറ്റ് വിഹിതമായി പ്ലാൻ, നോൺ-പ്ലാൻ ഇനങ്ങളിൽ 63.47 കോടി രൂപയും, ഹഡ്കോയിൽ നിന്നും വിവിധ ഭവന നിർമ്മാണ വായ്പാ പദ്ധതികൾക്കും ഭൂമൈത്രീ പദ്ധതിക്കുമായി യഥാക്രമം 1.25 കോടി രൂപയും 74.86 കോടി രൂപയും വർക്കിംഗ് വിമൻസ് ഹോസ്റ്റലിനായി കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി 43 ലക്ഷം രൂപയും സമാഹരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ 3 കോടി രൂപ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഓവർഹെഡ് ചെലവുകൾ കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പ്രത്യുൽപ്പാദനപരമല്ലാത്ത പദ്ധതികളിലെ തുക നിക്ഷേപിക്കുന്നത് നിർത്തലാക്കി.

2. ബോർഡിന്റെ എല്ലാ ഓഫീസുകളിലും ചെലവു ചുരുക്കൽ നടപ്പിലാക്കി.

3. പുതിയ നിയമനങ്ങൾക്ക് കഴിഞ്ഞ രണ്ട് വർഷമായി കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

4. സെൻട്രലൈസ്ഡ് ഫണ്ട് ഡിസ്ബേഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കുക വഴി ചിലവുകൾ നടത്തുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തി.

5. ഭവന നിർമ്മാണ പദ്ധതികളുടെ നിർമ്മാണ കാലാവധി കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചു.

6. പദ്ധതികൾ നിലവിലില്ലാത്ത ഡിവിഷനുകളിൽ പുതിയ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

റാന്നി കേന്ദ്രമാക്കി റവന്യൂ സബ്ഡിവിഷൻ അനുവദിക്കുവാൻ നടപടി

42 [5688] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly